**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3532** **14.10.2011-ൽ മറുപടിക്ക്**

**പ്ലാസ്റ്റിക് നിർമ്മാർജ്ജനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | എ) കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയം, പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വകുപ്പുകൾ അനുസരിച്ച് 1999 ലെ പ്ലാസ്റ്റിക് പുനഃചംക്രമണ (നിർമ്മാണവും ഉപയോഗവും) ചട്ടങ്ങൾ ഒഴിവാക്കിക്കൊണ്ട് പകരമായി 2011 ലെ പ്ലാസ്റ്റിക് മാലിന്യ (പരിപാലന & കൈകാര്യ) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടേയും പ്ലാസ്റ്റിക് പാക്കറ്റുകളുടേയും നിർമ്മാണം, സൂക്ഷിക്കൽ, വിതരണം, ഉപയോഗം, വില്പന എന്നിവ താഴെപ്പറയുന്ന നിബന്ധനകൾക്ക് അനുസൃതമായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. സുപ്രീം കോടതിയുടെ 237/2011 നമ്പരിലെ 11.05.2011 ലെ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന നിരോധനം നടപ്പിലാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി എടുക്കണമെന്നും നിരോധനം നിർബന്ധമായും നടപ്പിലാക്കണമെന്നും ഉത്തരവായിട്ടുണ്ട്. ഭേദഗതി ചെയ്ത ചട്ടങ്ങൾ പ്രകാരം പ്രധാനമായും നിരോധനം ബാധകമായവ താഴെപ്പറയുന്നു.<br><br>1. ഭക്ഷണ സാധനങ്ങൾ പൊതിയാനും മരുന്ന്, കുടിവെള്ളം |

| | | | |
|---|---|---|---|
| | | | ഇവ പാക്ക് ചെയ്യുന്നതിനും ഉപയോഗിക്കുന്ന പ്ലാസ്റ്റിക് സഞ്ചികൾ വെള്ളനിറത്തിലോ അതിന് IS 98331981 എന്ന സ്റ്റാൻഡേർഡിൽ അനുശാസിക്കുന്ന നിറത്തിലോ മാത്രമേ ആകുവാൻ പാടുള്ളൂ.<br>2. ആഹാര സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിന് പുനഃചംക്രമണം ചെയ്ത പ്ലാസ്റ്റിക് കവറുകളോ ജൈവ ജീർണ്ണനം നടക്കുന്ന പ്ലാസ്റ്റിക് കവറുകളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല.<br>3. പ്ലാസ്റ്റിക് ക്യാരി ബാഗുകൾ 40 മൈക്രോണിൽ താഴെ കട്ടിയുള്ളവ ഉൽപാദിപ്പിക്കുവാനോ സൂക്ഷിച്ചുവെയ്ക്കുവാനോ വിതരണം ചെയ്യുവാനോ പാടില്ല.<br>4. പുകയില, പാൻമസാല, ഗുഡ്ക തുടങ്ങിയ വസ്തുക്കൾ സംഭരിച്ചുവെയ്ക്കുന്നതും പായ്ക്ക് ചെയ്യുന്നതും വില്പന നടത്തുന്നതിനും പ്ലാസ്റ്റിക് കവറുകൾ (പായ്ക്കറ്റുകൾ) ഉപയോഗിക്കുവാൻ പാടില്ല. |
| ബി) | പരിസ്ഥിതിക്ക് ദോഷംവരാത്ത വിധത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | 2011 ലെ പ്ലാസ്റ്റിക് മാലിന്യ (പരിപാലന കൈകാര്യ) ചട്ടങ്ങൾ പ്രകാരം പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ